ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരമുള്ള പദ്ധതികൾ

30 (397) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി എത്ര തുക വിനിയോഗിച്ചുവെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ജില്ലയിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഏതെല്ലാം പൂർത്തീകരിക്കാനുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ 268.807 കി.മീ. നീളത്തിൽ 11 കെ.വി. ലൈൻ വലിച്ച് 239 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, 585.253 കി.മീറ്റർ എൽ.റ്റി. ലൈൻ വലിച്ച്, 10360 ബി.പി.എൽ. വീടുകൾ വൈദ്യുതീകരിക്കുകയും ചെയ്തു. മങ്കടയിൽ ഒരു 66/11 KV സബ്സ്റ്റേഷനും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിനായി 2634.7186 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ബാക്കിയില്ല.

ആർ.ജി.ജി.വൈ. പദ്ധതി

31 (398) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.ജി.ജി.വി.വൈ. പദ്ധതിയനുസരിച്ച് നാട്ടിക നിയോജക മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര കണക്ഷനുകൾ ഇതിനകം അനുവദിച്ചിട്ടുണ്ടെന്നും ശേഷിക്കുന്ന അപേക്ഷകൾ എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) ശേഷിക്കുന്ന അപേക്ഷകൾക്ക് എപ്പോൾ വൈദ്യുതി കണക്ഷൻ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) അപേക്ഷകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly